**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 112** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ തരംമാറ്റൽ വേഗത്തിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ പല പ്രാവശ്യം നിർദ്ദേശം നൽകിയിട്ടും ഭൂമി തരംമാറ്റൽ സംബന്ധിച്ച അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | 22.02.2022-ലെ സ.ഉ(കൈ)നം.56/2022/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള, ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സത്വരമായി തീർപ്പാക്കുന്നതിനായി, അയ്യായിരത്തിലധികം അപേക്ഷകൾ തീർപ്പാക്കാനുള്ള ഒൻപത് റവന്യൂ ഡിവിഷൻ ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, നാല് ക്ലാർക്ക്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെയും, രണ്ടായിരം - അയ്യായിരം ഇടക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള ഒൻപത് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ട് , രണ്ട് ക്ലാർക്ക്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെയും, ആയിരത്തിനും രണ്ടായിരത്തിനും ഇടക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന അഞ്ച് റവന്യൂ ഡിവിഷൻ ഓഫീസുകളിൽ രണ്ട് ക്ലാർക്ക്, ഒരു ഡാറ്റാ എന്നീ ഓപ്പറേറ്റർ എന്നിങ്ങനെയും അയ്യായിരത്തിലധികം അപേക്ഷകൾ തീർപ്പാക്കാനുള്ള ഒൻപത് റവന്യൂ ഡിവിഷണൽ ഓഫീസുകളിലേയും രണ്ടായിരത്തിനും അയ്യായിരത്തിനും ഇടക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള ഒൻപത് റവന്യൂ ഡിവിഷണൽ ഓഫീസുകളുടേയും പരിധിയിൽ വരുന്ന അൻപത്തിയൊന്ന് താലൂക്കുകളിൽ ഒരു ക്ലാർക്ക്, മൂന്ന് സർവെയർ എന്നിങ്ങനേയും അപേക്ഷകളുടെ എണ്ണം നൂറിനു മുകളിൽ വരുന്ന വില്ലേജുകളിൽ ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു ക്ലാർക്കിനേയും നിയമിച്ചു കൊണ്ട് ആകെ തൊള്ളായിരത്തി തൊണ്ണൂറ് തസ്തികകൾ സൃഷ്ടിക്കുന്നതിനും അപേക്ഷകളുടെ എണ്ണം കൂടുതലുള്ള അറുന്നൂറ്റി എൺപത് വില്ലേജുകളിൽ വാഹന സൗകര്യം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. അതോടൊപ്പം ഐ.ടി അനുബന്ധ ഉപകരണങ്ങൾ ആവശ്യാനുസരണം വാങ്ങുന്നതിനായി അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവ്വായിരം രൂപ അനുവദിച്ചും ഉത്തരവായിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരമുള്ള നടപടികൾ ഇതിനകം തന്നെ ബന്ധപ്പെട്ട ആഫീസുകൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. മേൽ പ്രകാരം, ഭൂമി തരമാറ്റവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ, അതിവേഗം തീർപ്പ കല്പിക്കുന്നതിനായി, നിശ്ചിത സമയങ്ങളിൽ അദാലത്തുകൾ നടത്തിയുളള ഫയൽ തീർപ്പാക്കൽ നടപടികൾക്ക്, പ്രഥമ പരിഗണന നൽകി വരുന്നുമുണ്ട്. തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിനായി വിവിധ ആർഡിഒ കളുടെ പരിധിയിൽ നൂറ്റി പത്തൊൻപത് പ്രത്യേക അദാലത്തുകൾ നടത്തിയിട്ടുണ്ട്.<br><br>മേൽപ്രകാരം, ഭൂമി തരം മാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഊർജ്ജിത/തീവ്രയത്ന പരിപാടികളോടനുബന്ധിച്ച്, എല്ലാ ഓഫീസുകളിലും അപേക്ഷകളിന്മേൽ ഏകീകൃത നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി, ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയറും (SOP) തയ്യാറാക്കി നൽകിയിട്ടുണ്ട്. മേല്പറഞ്ഞ നടപടികൾ നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ തരം മാറ്റത്തിനുള്ള അപേക്ഷകൾ അതിവേഗം തീർപ്പാക്കി വരികയാണ്. നാളിതുവരെ ലഭിച്ച 204409 ഓഫ് ലൈൻ അപേക്ഷകളിൽ 136291 അപേക്ഷകൾ തീർപ്പാക്കി കഴിഞ്ഞു. ഇനി 68118 അപേക്ഷകൾ മാത്രമാണ് ബാക്കിയുള്ളത്. ഇത്രയും അപേക്ഷകൾ നവംബർ മാസത്തിൽ തീർപ്പാ ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ തന്നെ എട്ട് ആർഡി ഓഫീസുകളിൽ തീർപ്പാക്കാനുള്ള ഓഫ് ലൈൻ അപേക്ഷകൾ ഓഗസ്റ്റ് മാസത്തിൽ തീർപ്പാക്കും. |
| (ബി) | അർഹതപ്പെട്ടവർക്ക് എത്രയും വേഗം ഭൂമി തരംമാറ്റി കിട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള, ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിച്ച കൊണ്ടും നിലവിൽ, അപേക്ഷകൾ സമർപ്പിക്കുന്നതിന് പൂർണ്ണമായും ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയും, അപേക്ഷകളിന്മേൽ അതിവേഗം തീർപ്പ കല്പിക്കുന്നതിനായി, നിശ്ചിത കാലയളവുകളിൽ അദാലത്തുകൾ സംഘടിപ്പിച്ചും, മുൻഗണനാ ക്രമത്തിന് വിധേയമായി, അർഹതപ്പെട്ടവർക്ക് എത്രയും വേഗം ഭൂമി തരം മാറ്റി കിട്ടുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിലൂടെ, അപേക്ഷകളുടെ തീർപ്പാക്കൽ നടപടിയിൽ, ആശാവഹമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>കൂടാതെ, റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ദിവസേന തീർപ്പാക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ക്രോഡീകരിച്ച്, ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ പരിശോധിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ, റവന്യൂ ഡിവിഷണൽ ആഫീസർമാക്ക് നൽകുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>വിശദീകരണക്കുറിപ്പ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള, ഭൂമി തരം മാറ്റ അപേക്ഷകൾ, യുദ്ധകാല അടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച, 22/02/2022-ലെ സ.ഉ(കൈ)നം.56/2022/RD പ്രകാരം, 990 താൽക്കാലിക തസ്തികകൾ 6 മാസത്തേക്ക് സൃഷ്ടിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക്, വില്ലേജ് തലത്തിൽ താല്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ, പ്രസ്തുത ഉത്തരവ് പ്രകാരം, ഭൂമി തരം മാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ടി, ഫീൽഡ് പരിശോധനയ്ക്കായി 6 മാസത്തേക്ക് 340 വാഹനം വാടകയ്ക്കെടുക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ വാഹനം വാടകയ്ക്കെടുത്ത് കൊണ്ട്, ഫീൽഡ് പരിശോധന ത്വരിതപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി അപേക്ഷ സമർപ്പിക്കുന്നതിനായി, ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ, നിലവിൽ, പൂർണ്ണമായും ഓൺലൈൻ മുഖേന സമർപ്പിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതാണ്. കൂടാതെ, അപേക്ഷ തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളും ലഘൂകരിച്ചിട്ടുണ്ട്.

ആകെ 2 7 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ലഭിച്ചിട്ടുള്ള 204409 ഓഫ് ലൈൻ അപേക്ഷകളിൽ, 21/06/2022 തീയതി വരെ, 136291 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതാണ്. ആയതിൽ, 68118 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുന്ന രീതി ഓൺലൈൻ സമ്പ്രദായത്തിലേക്ക മാറിയതിനു ശേഷം ലഭിച്ചിട്ടുള്ള 92,160 ഓൺലൈൻ അപേക്ഷകളിൽ, 1441 എണ്ണം അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. അപ്രകാരമുള്ള 90719 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്.

സംസ്ഥാനത്ത് വിവിധ റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി, **1 1 9** അദാലത്തുകൾ സംഘടിപ്പിച്ച് അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൗജന്യ നിരക്കിലുള്ള തരം മാറ്റത്തിന് അർഹമായ അപേക്ഷകൾ തീർപ്പാക്കുന്നതിന് ,പ്രഥമ പരിഗണന നൽകണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. തരം മാറ്റവുമായി ബന്ധപ്പെട്ട്, താലൂക്ക് ഓഫീസ് തലത്തിൽ സ്വീകരിക്കേണ്ടുന്ന, വകുപ്പ് 27 C പ്രകാരമുള്ള നടപടിക്രമങ്ങൾ, അടിയന്തരമായി പൂർത്തീകരിക്കുന്നതിന് വേണ്ട കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
ഭൂമി തരം മാറ്റ അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി, വിവിധ തലങ്ങളിലായി അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ, ആഴ്ച തോറും, ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിൽ, എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുമായി അവലോകന യോഗം നടത്തുകയും, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ അപ്പപ്പോൾ തന്നെ നൽകി വരികയും ചെയ്യുന്നുണ്ട്. ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ, പ്രത്യേക സെൽ രൂപീകരിച്ചുകൊണ്ടും, മേൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

| | |
|---|---|
| പരാമർശം:- | ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ |

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യ വകുപ്പ്
നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്